(സി) ഇല്ല.

(ഡി) സഹകരണസംഘം ജോയിന്റ് രജിസ്ട്രാർ *Vs.* ടി. എ. കുട്ടപ്പൻ എന്ന കേസിൽ സുപ്രീം കോടതിവിധി അനുസരിച്ച് സഹകരണസംഘം നിയമത്തിലെ വകുപ്പ് 32, 33 എന്നിവ പ്രകാരം നിയമിക്കുന്ന അഡ്മിനിസ്ട്രേറ്റർക്ക് സഹകരണ സംഘത്തിൽ പുതിയ അംഗങ്ങളെ ചേർക്കാൻ അധികാരം ഇല്ല.

തിരുവനന്തപുരം ജില്ലാ സഹകരണ ബാങ്കിലെ ജനറൽ മാനേജർ-ഡെപ്യൂട്ടി ജനറൽ മാനേജർ നിയമനം

148 [3553] ശ്രീ. എം. എ. വാഹീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലാ സഹകരണ ബാങ്കിലെ ജനറൽ മാനേജർ, ഡെപ്യൂട്ടി ജനറൽ മാനേജർ എന്നീ തസ്തികകളിൽ പി. എസ്. സി. വഴി നിയമനം നടത്തണമെന്ന് ബഹു. ഹൈക്കോടതി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ;

(ബി) ഇങ്ങനെ ഉണ്ടെങ്കിൽ ഈ ഉത്തരവ് നടപ്പിൽ വരുത്തുന്നതിന് ഇതുവരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചു എന്ന് വിശദീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ജനറൽ മാനേജർ, ഡെപ്യൂട്ടി ജനറൽ മാനേജർ എന്നീ തസ്തികകളിലുള്ള ഒഴിവുകൾ പി. എസ്. സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

സഹകരണ ബാങ്കുകളിലെ നിയമനങ്ങളിൽ സർക്കാർ നിയന്ത്രണം

149 [3554] ശ്രീ. എ. എൻ. രാജൻ ബാബു:
,, ഉമേഷ് ചള്ളിയിൽ:
,, കെ. കെ. രാജു:
,, ഷിബു ബേബിജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിവിധ സഹകരണ ബാങ്കുകളിൽ വളരെയധികം തസ്തികകൾ ഒഴിഞ്ഞുകിടക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സഹകരണ വകുപ്പുകളിലെ ഒഴിവുകൾ സർക്കാരിനെ അപ്പപ്പോൾ അറിയിക്കണമെന്ന് നിബന്ധനയുണ്ടോ;

(സി) ഉണ്ടെങ്കിൽ സംസ്ഥാനത്ത് സഹകരണ ബാങ്കുകളിലെ വിവിധ തസ്തികകളിൽ എത്ര ഒഴിവുകൾ ഉണ്ടെന്ന് വെളിപ്പെടുത്തുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) സഹകരണ ബാങ്കുകളിലെ നിയമനങ്ങളിൽ സർക്കാരിന് എത്രത്തോളം നിയന്ത്രണങ്ങൾ ഉണ്ടെന്ന് വിശദമാക്കുമോ?

ഉത്തരം

(എ, ബി) ഇല്ല.

(സി) ചോദ്യം പ്രസക്തമല്ല.

(ഡി) സഹകരണ ബാങ്കുകളിലെ നിയമനങ്ങളിൽ സർക്കാരിന് പൂർണ്ണനിയന്ത്രണങ്ങൾ ഇല്ല. എന്നാൽ കേരള സഹകരണസംഘം നിയമത്തിലെ വകുപ്പ് 30(3എ) ഷെഡ്യൂൾ പ്രകാരം 15 അപ്പക്സ് സഹകരണ സ്ഥാപനങ്ങളിലും 14 ജില്ലാ സഹകരണ ബാങ്കുകളിലും നേരിട്ടുള്ള നിയമനം കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേന മാത്രമേ നടത്താവൂ എന്ന് നിബന്ധനയുണ്ട്. കൂടാതെ പ്രാഥമിക കാർഷിക വായ്പാ സംഘങ്ങൾ, പ്രാഥമിക വായ്പാ സംഘങ്ങൾ, അർബൻ സഹകരണ ബാങ്കുകൾ, പ്രാഥമിക സഹകരണ കാർഷിക ഗ്രാമവികസന ബാങ്കുകൾ എന്നിവിടങ്ങളിൽ ജൂനിയർ ക്ലാർക്കും അതിനു മുകളിലുള്ള തസ്തികകളിലും നേരിട്ടുള്ള നിയമനം നടത്തുന്നത് കേരള സഹകരണ സർവ്വീസ് എക്സാമിനേഷൻ ബോർഡ് മുഖേന ആയിരിക്കണമെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്.

പ്യൂൺ, അറ്റൻഡർ തസ്തികകളിൽ ജോലി ചെയ്യുന്ന ഉയർന്ന വിദ്യാഭ്യാസ യോഗ്യതയുള്ള ജീവനക്കാർക്ക് പ്രൊമോഷൻ നൽകാൻ നടപടി

150 [3555] ശ്രീ. എ. സി. ഷൺമുഖദാസ്:
„ സി. കെ. നാണു:
ഡോക്ടർ. എ. നീലലോഹിതദാസൻ നാടാർ:
ശ്രീ. കെ. പി. മോഹനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണസംഘങ്ങളിൽ പ്യൂൺ, അറ്റൻഡർ തസ്തികകളിൽ ജോലി ചെയ്യുന്ന ഉയർന്ന വിദ്യാഭ്യാസ യോഗ്യതയുള്ള ജീവനക്കാർക്ക് പ്രൊമോഷൻ നൽകാൻ എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) എത്ര വർഷം സർവ്വീസ് ഉള്ളവരെയാണ് പ്രൊമോട്ട് ചെയ്യാൻ ഉദ്ദേശിക്കുന്നത്;

(സി) പ്രൊമോട്ട് ചെയ്യുന്നവരെ ഏത് പോസ്റ്റിലേക്കാണ് നിയമിക്കുന്നത് എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) സഹകരണസംഘങ്ങളിൽ പ്യൂൺ, അറ്റൻഡർ തസ്തികകളിൽ ജോലി ചെയ്യുന്ന ഉയർന്ന വിദ്യാഭ്യാസ യോഗ്യതയുള്ള ജീവനക്കാർക്ക് പ്രൊമോഷൻ നൽകുന്നതിന് പ്രത്യേക നടപടികളൊന്നും സ്വീകരിച്ചിട്ടില്ല. എന്നാൽ ക്ലറിക്കൽ തസ്തികയ്ക്ക് ആവശ്യമായ എസ്. എസ്. എൽ. സി.- യും ജെ.ഡി.സി./എച്ച്.ഡി.സി. യോഗ്യതയും

LIBRARY ARCHIVES Kerala Legislative Assembly